ഉത്തരം

(എ) 1994-95 സാമ്പത്തിക വർഷത്തിൽ 69,93,393 രൂപ നൽകിയിട്ടുണ്ട് ;

(ബി) 1994-95 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിലെ വരവ് 1,67,98,375 രൂപയാണ്.

കയർ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ

31. [1812] ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) കയർഫെഡ്, ഫോം മാറ്റിംഗ്സ് കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ എത്ര കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങളാണ് കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു ഹൈലവൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല. താമസിയാതെ ലഭിക്കുമെന്നാണ് പ്രതീക്ഷ.

(സി) കയർഫെഡിൽ 3 കോടി രൂപയുടേയും ഫോം മാറ്റിംഗ്സ് (ഇൻഡ്യ)യിൽ 50 ലക്ഷം രൂപയുടേയും കയർ സഹകരണ സംഘങ്ങൾ ഏകദേശം 2 കോടി രൂപയുടേയും കയറും കയറുൽപ്പന്നങ്ങളും സാധാരണ നിലവിലുള്ള സ്റ്റോക്കിനുപുറമേ കെട്ടിക്കിടക്കുന്നുണ്ട്.

കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

32. [1813] ശ്രീ. സി. കെ. സദാശിവൻ :
,, വി. കേശവൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സംവിധാനം ഇല്ലാതാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഗുണ നിലവാര പരിശോധനാ സംപ്രദായം ഒഴിവാക്കിയതിനെ തുടർന്ന് ഗുണനിലവാരമില്ലാത്ത കയറുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യാ ഗവൺമെൻറിൻെറ നിയന്ത്രണത്തിലുള്ള കയർ ബോർഡിൻെറ കീഴിൽ ഒരു ഗുണപരിശോധനാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. റിബേറ്റ് നൽകി വിൽപ്പന നടത്തുന്ന കയർ ഉൽപ്പന്നങ്ങൾക്ക് നിർബന്ധമായും ഗുണനിലവാര പരിശോധന നടത്തി കയർ ബോർഡിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ റിബേറ്റില്ലാതെ വിൽക്കുന്ന കയറുൽപ്പന്നങ്ങൾക്ക് ഗുണപരിശോധന നിർബന്ധമല്ല.

(സി) കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസിയുടെ ഗുണനിലവാര പരിശോധനാ സമ്പ്രദായം നിലവിലുണ്ടായിരുന്നു. എന്നാൽ ഉദാരവൽക്കരണത്തിൻെറ ഭാഗമായി ഈ ഗുണനിലവാര പരിശോധന നിർബന്ധമല്ലാത്തതാക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾ വാങ്ങുന്ന സ്ഥാപനം, ഗുണനിലവാരം പരിശോധന നടത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്താൽ മാത്രം മതിയെന്നാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

കയറുല്പന്നങ്ങൾക്ക് റിബേറ്റ്

33. [1814] ശ്രീ. വർക്കല രാധാകൃഷ്ണൻ :
,, സി. കെ. സദാശിവൻ :
,, സി. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറുല്പന്നങ്ങൾക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള റിബേറ്റ് സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടോ ;

(ബി) റിബേറ്റ് നൽകുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിൻെറ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത നിർദ്ദേശത്തോട് സംസ്ഥാന സർക്കാരിൻെറ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) റിബേറ്റ് ഇനത്തിൽ എന്തു തുകയാണ് വിതരണം ചെയ്യാനുള്ളത് ;

(എഫ്) പ്രസ്തുത തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ജി) റിബേറ്റിനത്തിൽ 1993-94 മുതൽ 1995-96 വരെയുള്ള വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും എന്തു തുക വീതം ലഭിച്ചുവെന്നും ഇതിൽ എന്തു തുക വീതം ഓരോ വർഷവും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly